LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു : സർ, തടവുകാർക്ക് പരോൾ ലഭിക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുകൾ ഇപ്പോൾ നിലവിലിരിക്കുകയാണ്. യഥാർത്ഥത്തിൽ അർഹരായിട്ടുള്ളവർക്കുപോലും ലോക്കൽ പോലീസിന്റെ റിപ്പോർട്ട് നൽകാത്തതുമൂലം പരോൾ ലഭിക്കാത്ത സ്ഥിതിയുണ്ട്. ഗവൺമെന്റ് ആ കാര്യത്തിലിടപെട്ട് അർഹമായിട്ടുള്ള പരോൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മുൻകാലങ്ങളെ അപേക്ഷിച്ച് തടവുകാർക്ക് പരോൾ ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരമാക്കിയിട്ടുണ്ട്. പോലീസ് റിപ്പോർട്ടും പ്രൊബേഷൻ റിപ്പോർട്ടുമെല്ലാം ശരിയായ നിലയിൽ വരുന്ന കേസ്സുകൾക്കെല്ലാം പരോൾ നൽകുന്നുണ്ട്. ഏതെങ്കിലും പ്രത്യേക കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിശോധിക്കാൻ നിർദ്ദേശം കൊടുക്കുന്നതായിരിക്കും.

ശ്രീ. എ. കെ. ചന്ദ്രൻ : സർ, ജയിൽ മോചിതരായവരുടെ പുനരധിവാസത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് എന്തെങ്കിലും പുതിയ പദ്ധതികൾക്ക് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഒരു പദ്ധതിയും ഇതുവരെ സംസ്ഥാന ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗത്തിന് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ സർക്കാരിന് സമർപ്പിച്ചാൽ അതും പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡപകടങ്ങൾ കുറയ്ക്കാൻ നടപടികൾ

5 (*185) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തെ റോഡപകടങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) റോഡപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഹൈവേകളിൽ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ഡി) ഹൈവേ പട്രോൾ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ട്രാഫിക് നിയമലംഘനം തടയുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷത്തെ റോഡപകടങ്ങളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	അപകടങ്ങൾ	മരണസംഖ്യ	പരിക്കേറ്റവർ
2007	39917	3778	48248
2008	37263	3901	43857
2009	35433	3831	41401
2010 (ഒക്ടോബർ വരെ)	29103	3260	34159

(ബി) റോഡപകടങ്ങൾ കുറയ്ക്കാൻ പോലീസ് വകുപ്പ് നിരവധി സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(സി) റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനും മറ്റുമായി ഹൈവേകളുമായി അടുത്ത് ഇടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ കേരളത്തിൽ നിലവിലുള്ള ഹൈവേ പട്രോൾ ടീമുകളുടെ നേതൃത്വത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന ഹൈവേ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നമ്പർ 117/2009/ആഭ്യന്തരം തീയതി ജൂലൈ 25, 2009 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തൊട്ടാകെ 50 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികളുടെ ഘടനയേയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിശദവിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ട്രാഫിക് കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഹൈവേ പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടനിരക്ക് കൂടിയ ഹൈവേകളിൽ പുതിയ ഹൈവേ പട്രോൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഇ) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനായി വളരെ ത്രീവ്രമായ പരിശോധനകളും മറ്റു നടപടികളും പോലീസ് വകുപ്പ് കൈക്കൊണ്ടുവരുന്നു. അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തി നടപടികളെടുക്കുവാനും ബോധവത്ക്കരണം നടത്തുവാനുമുള്ള കർശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിലെ തീപിടിത്തം

6 (*188) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ തീപിടിത്തമുണ്ടായ സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) തീപിടിത്തത്തെത്തുടർന്ന്, കേസുകളുമായി ബന്ധപ്പെട്ട സാമ്പിളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകളെ അതുബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ലാബിലെ സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത പോലീസ് അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടോ ; അട്ടിമറി സാധ്യതയ്ക്കുള്ള തെളിവുകളെന്തെങ്കിലും അന്വേഷണത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഫോറൻസിക് ലാബിൽ ഉണ്ടായ സ്ഫോടന സംഭവവുമായി ഇതിനുള്ള സമാനതകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഫോറൻസിക് ലാബിലെ സ്ഫോടനം സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങളിൽ ഏർപ്പെടുത്തേണ്ട അത്യാവശ്യ സുരക്ഷാക്രമീകരണങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ കെമിക്കൽ എക്സാമിനേഷൻ ലാബിൽ അത്യുപകാരമുള്ള ക്രമീകരണങ്ങൾ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) കേസുകളുമായി ബന്ധപ്പെട്ട തെളിവുകൾ ഇത്തരം സംഭവങ്ങളിലൂടെ നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നു എന്നും, ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly